## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **19-01-2021 - ൽ മറുപടിയ്ക്ക്**

## താങ്ങുവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നേന്ത്രക്കായ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവിലയേക്കാൾ കുറഞ്ഞവിലയ്ക്ക് കൃഷിവകുപ്പ് നിയന്ത്രിക്കുന്ന വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രങ്ങൾ നേന്ത്രക്കായ കിലോയ്ക്ക് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ കർഷകരിൽ നിന്നും വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 16 ഇനം പച്ചക്കറികൾക്ക് കേരള സർക്കാർ 2020 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഈ പദ്ധതി നടപ്പാക്കുന്നത് AIMS പോർട്ടലിനെ ആധാരമാക്കിയാണ്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിള വിസ്തീർണ്ണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിക്കുന്ന വിളവ്, വിളവെടുപ്പ് സമയം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ മുൻകൂട്ടി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും വിശദാംശങ്ങൾ പരിശോധിച്ച ശേഷം കൃഷിഭവൻ ഉദ്യോഗസ്ഥർ AIMS പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകുന്നതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ മൊത്തവ്യാപാര വിപണികൾ, ഇക്കോഷോപ്പുകൾ തുടങ്ങി 300 ഓളം വിപണികളിലൂടെയും PAC കളുടെ നേതൃത്വത്തിൽ 250 ഓളം വിപണികളിലൂടെയുമാണ് അടിസ്ഥാന വിലയിൽ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ജില്ലാതല നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സമിതി (DLPMC) രൂപികരിച്ചിട്ടുണ്ട്. ഈ DLPMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിപണിവില അടിസ്ഥാന വിലയോക്കാൾ താഴ്ന്ന എന്നു ബോധ്യപ്പെട്ടാൽ ഈ വിവരം കൃഷി ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യുകയും, തുടർന്ന് കൃഷി വകുപ്പ് ഡയറക്ടർ പ്രസതുത ജില്ലയിൽ അടിസ്ഥാന വില നിലവിൽ വന്നു എന്ന് പ്രഖ്യാപനം നടത്തുകയും ചെയ്യും. അടിസ്ഥാന വില ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ മേൽപ്പറഞ്ഞ |

| | | | |
|---|---|---|---|
| | | | സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടു വരണം. ഉൽപ്പന്നങ്ങളുടെ ഗുണ മേന്മ വിലയിരുത്തി നിലവിലുള്ള വിപണി വില കർഷകർക്ക് സംഭരണ ഏജൻസി നൽകും . വിപണി വില ഓരോ ഉല്പ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയോക്കാൾ താവെ ആയിരിക്കുമ്പോൾ അടിസ്ഥാന വിലയും വിപണി വിലയും തമ്മിലുള്ള വിലവ്യത്യാസം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിപണിയിലെത്തിച്ചിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകും. |
| (ബി) | സർക്കാർ നിശ്ചയിച്ച മുപ്പത് രൂപ നിരക്ക് ഒഴിവാക്കി ഇരുപത്തിയഞ്ച് രൂപയ്ക്ക് വാങ്ങുവാൻ വി.എഫ്.പി.സി.കെ.യ്ക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 16 ഇനം പച്ചക്കറികൾക്ക് കേരള സർക്കാർ 2020 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഈ പദ്ധതി നടപ്പാക്കുന്നത് AIMS പോർട്ടലിനെ ആധാരമാക്കിയാണ്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിള വിസ്തീർണ്ണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിക്കുന്ന വിളവ്, വിളവെടുപ്പ് സമയം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ മുൻകൂട്ടി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും വിശദാംശങ്ങൾ പരിശോധിച്ച ശേഷം കൃഷിഭവൻ ഉദ്യോഗസ്ഥർ AIMS പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകുന്നതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ മൊത്തവ്യാപാര വിപണികൾ, ഇക്കോഷോപ്പുകൾ തുടങ്ങി 300 ഓളം വിപണികളിലൂടെയും PAC കളുടെ നേതൃത്വത്തിൽ 250 ഓളം വിപണികളിലൂടെയുമാണ് അടിസ്ഥാന വിലയിൽ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ജില്ലാതല നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സമിതി (DLPMC) രൂപികരിച്ചിട്ടുണ്ട്. ഈ DLPMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിപണിവില അടിസ്ഥാന വിലയോക്കാൾ താഴ്ന്ന എന്നു ബോധ്യപ്പെട്ടാൽ ഈ വിവരം കൃഷി ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യുകയും, തുടർന്ന് കൃഷി വകുപ്പ് ഡയറക്ടർ പ്രസതുത ജില്ലയിൽ അടിസ്ഥാന വില നിലവിൽ വന്നു എന്ന് പ്രഖ്യാപനം നടത്തുകയും ചെയ്യും. അടിസ്ഥാന വില ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ മേൽപ്പറഞ്ഞ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടു വരണം. ഉൽപ്പന്നങ്ങളുടെ ഗുണ മേന്മ വിലയിരുത്തി |

| | | | |
|---|---|---|---|
| | | | നിലവിലുള്ള വിപണി വില കർഷകർക്ക് സംഭരണ ഏജൻസി നൽകും . വിപണി വില ഓരോ ഉല്പ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയോക്കാൾ താവെ ആയിരിക്കുമ്പോൾ അടിസ്ഥാന വിലയും വിപണി വിലയും തമ്മിലുള്ള വിലവ്യത്യാസം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിപണിയിലെത്തിച്ചിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകും. |
| (സി) | വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രങ്ങളിൽ കർഷകരിൽ നിന്നും താങ്ങുവിലയേക്കാൾ കുറച്ച് വാങ്ങിയ കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില അടിസ്ഥാനപ്പെടുത്തി ബാക്കി തുക നൽകുന്നതിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 16 ഇനം പച്ചക്കറികൾക്ക് കേരള സർക്കാർ 2020 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഈ പദ്ധതി നടപ്പാക്കുന്നത് AIMS പോർട്ടലിനെ ആധാരമാക്കിയാണ്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിള വിസ്തീർണ്ണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിക്കുന്ന വിളവ്, വിളവെടുപ്പ് സമയം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ മുൻകൂട്ടി AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും വിശദാംശങ്ങൾ പരിശോധിച്ച ശേഷം കൃഷിഭവൻ ഉദ്യോഗസ്ഥർ AIMS പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകുന്നതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ മൊത്തവ്യാപാര വിപണികൾ, ഇക്കോഷോപ്പുകൾ തുടങ്ങി 300 ഓളം വിപണികളിലൂടെയും PAC കളുടെ നേതൃത്വത്തിൽ 250 ഓളം വിപണികളിലൂടെയുമാണ് അടിസ്ഥാന വിലയിൽ കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ജില്ലാതല നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പ്രൈസ് മോണിറ്ററിംഗ് സമിതി (DLPMC) രൂപികരിച്ചിട്ടുണ്ട്. ഈ DLPMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിപണിവില അടിസ്ഥാന വിലയോക്കാൾ താഴ്ന്ന എന്നു ബോധ്യപ്പെട്ടാൽ ഈ വിവരം കൃഷി ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യുകയും, തുടർന്ന് കൃഷി വകുപ്പ് ഡയറക്ടർ പ്രസതുത ജില്ലയിൽ അടിസ്ഥാന വില നിലവിൽ വന്നു എന്ന് പ്രഖ്യാപനം നടത്തുകയും ചെയ്യും. അടിസ്ഥാന വില ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ മേൽപ്പറഞ്ഞ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടു വരണം. ഉൽപ്പന്നങ്ങളുടെ ഗുണ മേന്മ വിലയിരുത്തി നിലവിലുള്ള വിപണി വില കർഷകർക്ക് സംഭരണ ഏജൻസി നൽകും . വിപണി വില ഓരോ |

| | | | |
|---|---|---|---|
| | | | ഉല്പ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയോക്കാൾ താവെ ആയിരിക്കുമ്പോൾ അടിസ്ഥാന വിലയും വിപണി വിലയും തമ്മിലുള്ള വിലവ്യത്യാസം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിപണിയിലെത്തിച്ചിട്ടുള്ള കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകും. |

സെക്ഷൻ ഓഫീസർ